THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2008 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

നം.SAL/F-907/2567 05.09.2026

**സ്ലോട്ടർ ടാപ്പിംഗ് – ഇ-ടെണ്ടർ കം ഇ-ഓക്ഷൻ**

പ്ലാൻറേഷൻ കോർപ്പറേഷൻറെ ഉടമസ്ഥതയിലുള്ള കൊടുമൺ എസ്റ്റേറ്റിലെ ഡിവിഷൻ A യിലെ 4 ബ്ലോക്കുകളിലും (Block-A1 മുതൽ Block-A4 വരെ) ഡിവിഷൻ F ലെ 10 ബ്ലോക്കുകളിലും (Block-F1 മുതൽ Block-F10 വരെ) നിൽക്കുന്നതായ 14,084 റബ്ബർ മരങ്ങളിൽ സ്ലോട്ടർ ടാപ്പിംഗ് നടത്തി കറയെടുക്കുന്നതിനുള്ള അവകാശം കരാറടിസ്ഥാനത്തിൽ നൽകുന്നതിനുള്ള ടെണ്ടറുകൾ കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്ഷണിക്കുന്നു. ആയതുപ്രകാരമുള്ള വാഗ്ദാനം 22/09/2026, 11:00 പി. എം വരെ ഇ-ടെണ്ടർ പോർട്ടൽ വഴി സമർപ്പിക്കാവുന്നതാണ്. ടെണ്ടറിൽ ആയിരം മരങ്ങളുള്ള ഒരു ബ്ലോക്കിന് ആകെ നൽകാവുന്ന ഏറ്റവും കൂടിയ തുകയാണ് (നികുതികൾ ഒഴികെ) രേഖപ്പെടുത്തിയിരിക്കേണ്ടത് .

**ഇ-ടെൻഡർ-കം-ഇഓക്ഷൻ നിബന്ധനകൾ**

1. ഇ-ടെൻഡറിൽ പങ്കെടുക്കുന്നതിനുള്ള ടെൻഡർ ഫോം ഒന്നിന് 118/- രൂപയും നിരതദ്രവ്യം 25,000/-രൂപയുമാണ്.
2. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെൻഡർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷനും, മാനേജിങ്ങ് ഡയറക്ടർ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, ടെൻഡർ സമർപ്പിക്കുന്നയാളുടെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫോം വില (Rs. 118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് സംബന്ധിച്ച വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന ടെൻഡർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി ടെൻഡർ നിരാകരിക്കുന്നതാണ്. ഒറിജിനൽ ഡിമാൻഡ് ഡ്രാഫ്റ്റ് ടെൻഡർ തുറക്കുന്ന സമയത്തിന് മുൻപായി പി സി കെ ഹെഡ് ഓഫീസ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
3. ടെൻഡറിൽ പങ്കെടുക്കുന്നവർ ആയതിനു മുമ്പായി മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ തോട്ടത്തിൽ പോയി ബ്ലോക്കിന്റെ വിസ്തൃതി, അതിര്, മരങ്ങളുടെ

എണ്ണം, മരങ്ങളുടെ നിലവിലുള്ള അവസ്ഥ, **വഴി സൗകര്യം** എന്നിവയെ കുറിച്ച് **നേരിട്ട്** മനസ്സിലാക്കിയിരിക്കേണ്ടതാണ്.

4. **കറയെടുക്കുന്നതിനുള്ള അവകാശം 31.12.2028 വരെ ആയിരിക്കും.**
5. ടെൻഡർ സ്ഥിരീകരണം സംബന്ധിച്ച് കോർപ്പറേഷന്റെ മാനേജിംഗ് **ഡയറക്ടറുടെ അംഗീകാരം ലഭിച്ചശേഷം** പ്രസ്തുത **ടെൻഡർ** സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും, അങ്ങനെ **ടെൻഡർ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 7 **ദിവസങ്ങൾക്കകം** മൊത്തം തുകയുടെ 25% സെക്യൂരിറ്റി ഡിപ്പോസിറ്റായും (നിരതദ്രവ്യമടക്കം) **കൂടാതെ** മൊത്തം **ടെൻഡർ** തുകയുടെ 20% അഡ്വാൻസും ബാധ കമായ എല്ലാ നികുതികളും **ചേർത്ത്** കൊട്ടുമൺ എസ്റ്റേറ്റ് ബാങ്ക് **അക്കൗണ്ടിൽ** **മുൻകൂട്ടി** അടച്ച് നിശ്ചിത കരാർ ഒപ്പിട്ടതിനുശേഷം **മാത്രമേ** ദർഘാസ് ഉറ പ്പിച്ചു കിട്ടിയിട്ടുള്ള വ്യക്തിക്ക് തോട്ടത്തിൽ പ്രവേശിക്കുന്നതിനും ടാപ്പിംഗ് നടത്തുന്നതിനും അവകാശമുണ്ടായിരിക്കുകയുള്ളൂ.
6. **ടെൻഡർ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 7 **ദിവസത്തിനുള്ളിൽ** വ്യവസ്ഥകൾ അനുസരിച്ചുള്ള തുകകൾ യഥാസമയം അടച്ച് **സ്വന്തം ചെലവിൽ** കൊട്ടുമൺ **എസ്റ്റേറ്റ് മാനേജരുമായി** ഇതനുസരിച്ചുള്ള **ഉടമ്പടി 200/-** രൂപ **കേരള** ഗവൺമെന്റ് **വക** മുദ്രപത്രത്തിൽ വയ്ക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം **ടെൻഡർ** അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർപ്പറേഷനിൽ പ്രസ്തുത വ്യക്തി **അടച്ചിട്ടുള്ളതായ എല്ലാ തുകകളും** കണ്ടുകെട്ടി കോർപ്പറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന **എല്ലാവിധ** കഷ്ടനഷ്ടങ്ങൾ**ക്കും** പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്ന**തും** **ആയത് 18% പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതും കൂടാതെ ടിയാളെ** കോർപറേഷന്റെ **കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും, കോർപ്പറേഷന്റെ പിന്നീടുള്ള ടെണ്ടറുകളിൽ പങ്കെടുക്കുവാൻ സാധിക്കാതെ വരുന്നതുമാണ്.**
7. **ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ ഏതാണോ കൂടുതൽ അതായിരിക്കും ടെണ്ടർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക.** ഏറ്റവും കൂടിയ തുകയ്ക്ക് **ടെൻഡർ** സമർപ്പിച്ച വ്യക്തിയ്ക്ക് കോർപ്പറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ **അഞ്ചാം** വകുപ്പ് അനുസരിച്ചുള്ള തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ **ടിയാൾ വകുപ്പ്** 2 **പ്രകാരം** അടച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറേഷ**നിലേക്ക്** മുതൽകൂട്ടുവാനും അപ്രകാരം സംഭവിക്കുന്ന പക്ഷം യുക്തമായ **തീരുമാനമെടുക്കുന്നതിനും** കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.
8. ഏറ്റവും കൂടുതൽ തുക **വാഗ്ദാനം ചെയ്ത് ടെൻഡർ സമർപ്പിച്ചാലും ടി തുക ന്യായയുക്തമല്ലെന്ന് കണ്ട്** ടി വാഗ്ദാനം അംഗീകരിക്കാതിരിക്കുന്നതിനു കോർപ്പറേഷന് **അവകാശം ഉണ്ടായിരിക്കുന്നതും ഇപ്രകാരം** കോർപ്പറേഷൻ അത് അംഗീകരിക്കാതെ വന്നാൽ പ്രസ്തുത വ്യക്തിക്ക് ടിയാൻ അടച്ച നിരതദ്രവ്യം പലിശരഹിതമായി മടക്കി **നൽകുന്നതുമാണ്.**
9. **അഞ്ചാം** വകുപ്പ് അനുസരിച്ച് അടച്ച 20% തുക കഴിച്ച് ബാക്കി വരുന്ന തുകയും ബാധകമായ നികുതിയും **നാല് തവണകളായി കോർപ്പറേഷൻ നിശ്ചയിക്കുന്ന**

തിയ്യതികൾക്ക് മുൻപായി കോർപ്പറേഷന്റെ കൊട്ടമൺ എസ്റ്റേറ്റ് ബാങ്ക് അക്കൗണ്ടിൽ അടക്കേണ്ടതാണ്. ഗഡുക്കളുടെ തുകയും , തീയതിയും കോർപറേഷന്റെ തീരുമാനപ്രകാരം കരാറിൽ വ്യക്തമായി രേഖപ്പെടുത്തുന്നതാണ്.

10. തവണകളിലെ നിശ്ചിത തുക ഏതെങ്കിലും അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ കരാർ പ്രകാരമുള്ള പ്രവർത്തികൾ തുടരുന്നതിന് അനുവദിക്കുന്നതല്ലാത്തതും വീഴ്ച്ച വരുത്തിയ തുക 25% പിഴപ്പലിശ സഹിതം പരമാവധി 30 ദിവസംവരെ യുള്ള കാലയളവിനുള്ളിൽ കരാറുകാരന് അടച്ചു തീർക്കാവുന്നതും ആയതിനുശേഷം മാത്രം പ്രവർത്തികൾ തുടരുന്നതിന് അനുമതി നൽകുന്നതുമാണ്. ടി-കാലയളവിനുശേഷവും, നാളിതുവരെയുള്ള പിഴതുക സഹിതമുള്ള മുഴുവൻ കുടിശ്ശികത്തുക അടച്ചുതീർക്കാതിരിക്കുന്ന പക്ഷം കരാർ റദ്ദ് ചെയ്യുന്നതിനും അടച്ച തുക മുഴുവൻ കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടി മുതൽ കൂട്ടുന്നതിനും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ടെണ്ടറുകൾ വഴി ബാക്കിയുള്ള കാലത്തേയ്ക്ക് ടാപ്പിംഗ് കരാർ നൽകുന്ന തിനും തന്മൂലം ഉണ്ടാകാവുന്നതായ എല്ലാവിധ ചെലവുകളും നഷ്ടവും കരാറുകാ രനിൽനിന്നും ഈടാക്കിയെടുക്കുന്നതിനുമുള്ള അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്.

11. കരാർ നൽകിയിട്ടുള്ള ബ്ലോക്കിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥന്മാർക്ക് ഏത് സമയവും പരിശോധിക്കുവാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.

12. തീപിടുത്തം, വരൾച്ച, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന മരങ്ങളുടെ നഷ്ടം, കോർപ്പറേഷൻ തൊഴിലാളികളുടെയോ, കരാറുകാരുടെ തൊഴിലാളികളുടെയോ സമരം / പണിമുടക്ക് മുതലായവ മൂലമുണ്ടാകുന്നതോ മറ്റേതെങ്കിലും വിധത്തിലു ള്ളതായ നാശനഷ്ടങ്ങൾക്കോ കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതോ, നഷ്ടപരിഹാരങ്ങൾ നൽകുന്നതോ അല്ല. കരാറുകാരന്റെ തൊഴിലാളികൾക്ക് ലഭി ക്കേണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ, നഷ്ടപരിഹാരമോ നൽകുന്നതിന് കോർപ്പറേഷന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കേണ്ടതാണ്.

13. കരാർ കാലയളവിൽ തോട്ടത്തിൽ തീപിടുത്തമുണ്ടാകാതെ തോട്ടം സംരക്ഷിക്കു ന്നതിനുള്ള പൂർണ്ണമായ ചുമതല കരാറുകാരനായിരിക്കും. കരാർ കാലയളവിൽ എസ്റ്റേറ്റ് അതിർത്തിക്കുള്ളിലോ, സമീപ വനപ്രദേശത്തിനുള്ളിലോ കരാറു കാരനോ, ടിയാന്റെ ഏജന്റോ, തൊഴിലാളികളോ വന്യമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ ചെയ്യാൻ പാടില്ല. കൂടാതെ നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുള്ളതായ ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ആയതിനു സഹായിക്കുകയോ ചെയ്യുവാനും പാടുള്ളതല്ല. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നപക്ഷം, തന്മൂലം ഉണ്ടാ കുന്നതായ സകല കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ, അയാ ളുടെ ഏജന്റോ തൊഴിലാളികളോ പ്രവർത്തിക്കുന്നതായി കോർപ്പ റേഷന് ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ കരാറുകാരൻ കോർപ്പറേ ഷനിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതുമായ എല്ലാവിധ കരാർ ഇടപാടുകളും

റദ്ദ് ചെയ്യുന്നതും കോർപ്പറേഷനിലേയ്ക്ക് അടച്ചിട്ടുള്ള എല്ലാ തുകയും കണ്ടുകെട്ടി **കോർപ്പറേഷനിലേക്ക്** മുതൽ കൂട്ടുന്നതിനും കൂടാതെ കരാറുകാരൻ ശേഖരിച്ചിരിക്കുന്നതും നീക്കം ചെയ്യാത്തതുമായ റബ്ബർ ഉത്പന്നങ്ങൾ കോർപ്പറേഷൻ കണ്ടുകെട്ടി മുതൽക്കൂട്ടുന്നതുമായിരിക്കും. ആവശ്യമെന്ന് കണ്ടാൽ, ശേഷിക്കുന്ന കാലയളവിലേയ്ക്ക് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ **പുനർ ഇ-ടെൻഡർ** വഴി **വിൽപന** നടത്തുന്നതിനോ, സ്വന്തം ചുമതലയിൽ നേരിട്ടോ, അല്ലാതെയോ കരാർ പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നതിനോ **കോർപ്പറേഷന്** തീരുമാനമെടുക്കാവുന്നതും ആയതിലേയ്ക്ക് ഉണ്ടാകാവുന്ന സകലവിധ ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നോ, ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കിയെടുക്കുന്നതിനും കോർപ്പറേഷന് അധികാരവും അവകാശവുമുണ്ടായിരിക്കുന്നതാണ്. **ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നതാകയാൽ കരാർ റദ്ദ് ചെയ്ത് കരാറുകാരൻ അടച്ചിട്ടുള്ള എല്ലാ തുകകളും കോർപ്പറേഷനിലേക്ക് കണ്ടുകെട്ടി മുതൽ കൂട്ടുന്നതുമായിരിക്കും.**

14. ടാപ്പിംഗ് തുടങ്ങി റബ്ബർ സംഭരിക്കുന്നതിന് മുമ്പായി ടിയാന്റെ തൊഴിലാളികളുടെ മേൽവിലാസങ്ങൾ എസ്റ്റേറ്റ് മാനേജരുടെ പക്കൽ രേഖാമൂലം നൽകി മാനേജരുടെയോ, ടിയാൻ അധികാരപ്പെടുത്തുന്നവരുടെയോ പക്കൽനിന്നും പ്രവേശനപാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്. തൊഴിലാളികളെ മാറ്റി നിയമിക്കുന്ന സാഹചര്യത്തിലും ഈ നടപടി കരാറുകാരൻ പാലിക്കേണ്ടതാണ്.
15. **കരാർ തുകയ്ക്ക് പുറമെ** ബാധകമായ **നികുതികളും**, മറ്റ് ഏതെങ്കിലും **നികുതികൾ നിയമംമൂലം** ബാധകമാക്കുകയാണെങ്കിൽ **ആയതും** കരാറുകാരനിൽ **നിന്നും ഈടാക്കുന്നതുമാണ്. ഈ കരാർപ്രവർത്തികൾക്ക്** ഏതെങ്കിലും തരത്തിലുള്ള ലൈസൻസ് ആവശ്യമായാൽ ആയത് കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.
16. കരാറുകാരനിൽനിന്നോ, ഏജന്റിൽനിന്നോ ടിയാന്റെ തൊഴിലാളികളിൽനിന്നോ കോർപ്പറേഷൻ വക റബ്ബർ മരങ്ങൾക്കോ, മറ്റ് വസ്തുവകകൾക്കോ ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ **ജനറൽ** മാനേജർ **(ഓപ്പറേഷൻസ്)** നിശ്ചയിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരൻ **ഉടൻതന്നെ** ഓഫീസിൽ അടയ്ക്കേണ്ടതാണ്. **ജനറൽ** മാനേജർ **(ഓപ്പറേഷൻസ്) ന്റെ** തീരുമാനം അന്തിമമായിരിക്കുന്നതും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.
17. എസ്റ്റേറ്റിൽ നിന്നും സംഭരിക്കുന്ന **എല്ലാത്തരം റബ്ബർ ഇനങ്ങളുടെയും ളുക്കം ആയവ** നീക്കം ചെയ്യുന്നതിനുമുമ്പ് എസ്റ്റേറ്റ് മാനേജരേയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ അറിയിച്ചിരിക്കേണ്ടതാണ്.
18. എസ്റ്റേറ്റ് മാനേജർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, ടിയാന്റെ ഏജന്റ്, ടിയാന്റെ തൊഴിലാളികൾ,

കരാറുകാരന്റെ റബ്ബർ ഉത്പന്നങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

19. ടാപ്പിംഗിന് നൽകിയിട്ടുള്ള സ്ഥലത്തുനിന്നും റബ്ബർക്കുരു ശേഖരിക്കുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. ടാപ്പിംഗിന് നൽകിയിട്ടുള്ള തോട്ടത്തിൽനിന്ന് വിറക്, പുല്ല് തുടങ്ങിയ സാധനസാമഗ്രികൾ കരാറുകാരനോ, ടി-യാന്റെ ഏജന്റുമാരോ, ടിയാളുടെ തൊഴിലാളികളോ കൊണ്ടുപോകാൻ പാടില്ല.

20. ടാപ്പിംഗിനുള്ള യാതൊരു സാധനസാമഗ്രികളും കോർപ്പറേഷൻ നൽകുന്നതല്ല. കരാർ കാലാവധിക്കിടയിൽ ടി സ്ഥലത്ത് കോർപ്പറേഷൻ യാതൊരുവിധ കാർഷിക പ്രവർത്തനവും നടത്തുന്നതല്ല.

21. കാറ്റ് മൂലമോ, പ്രകൃതിക്ഷോഭം മൂലമോ ഒടിഞ്ഞോ, പിഴുതോ വീഴുന്ന മരങ്ങൾ എടുക്കുന്നതിനോ, വിൽക്കുന്നതിനോ കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതണ്. ഇത്തരം മരങ്ങൾ നീക്കുന്നതുമൂലം കരാർ തുകയിൽ ഇളവ് ലഭിക്കുന്നതല്ല. കൂടാതെ, കാറ്റത്തും മഴയത്തും ഒടിഞ്ഞു വീഴുന്ന മരങ്ങളുടെ എണ്ണം യഥാക്രമം കരാറുകാരൻ രേഖാമൂലം എസ്റ്റേറ്റ് മാനേജരെ അറിയിക്കേണ്ടതാണ്..

22. കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ യാതൊന്നുംതന്നെ തോട്ടത്തിനുള്ളിൽ നടത്താൻ പാടുള്ളതല്ല. തോട്ടത്തിനുള്ളിൽ കരാറുകാരന് ആവശ്യമായ താൽക്കാലിക ഷെഡുകൾ പണിയുന്നതിനുമുമ്പ് എസ്റ്റേറ്റ് മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങേണ്ടതും സ്വന്തം ചെലവിൽ കരാർ തീർന്ന് 15 ദിവസങ്ങൾക്കകം ആയത് പൊളിച്ചുമാറ്റേണ്ടതുമാണ്. അല്ലാത്തപക്ഷം ടി ഷെഡുകൾ കോർപ്പറേഷൻ ചെലവിൽ പൊളിച്ചു നീക്കം ചെയ്യുന്നതും ആയതിലേക്ക് ചിലവാകുന്ന സംഖ്യ കരാറുകാരനിൽനിന്നും ഈടാക്കുന്നതുമായിരിക്കും.

23. കരാറുകാരനോ, ഏജന്റോ ദർഘാസ്-ലേല സ്ഥലത്തുനിന്നും റബ്ബർ ഉത്പന്നങ്ങൾ നീക്കം ചെയ്യുന്ന സമയത്ത് എസ്റ്റേറ്റ് മാനേജരിൽ നിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമായി മാത്രമേ റബ്ബർ ഉത്പന്നങ്ങൾ വെളിയിൽ കൊണ്ടുപോകാൻ പാടുള്ളൂ.

24. റബ്ബർ കറ/ ഉത്പന്നം കൊണ്ടുപോകുന്നതിനുള്ള സമയം പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ ആയിരിക്കും. എസ്റ്റേറ്റ് അവധി ദിവസങ്ങളിൽ റബ്ബർ കറ / ഉത്പന്നം കൊണ്ടുപോകുവാൻ അനുവദിക്കുന്നതല്ല.

25. കരാറുകാരൻ സംഭരിക്കുന്ന റബ്ബർ ഉത്പന്നങ്ങൾ, റബ്ബർ ബോർഡിന്റേയോ, സർക്കാരിന്റേയോ കാലാകാലങ്ങളിലുള്ള നിയമങ്ങൾക്കും നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മാത്രം വില്പന നടത്തേണ്ടതാണ്.

26. റയിൻ ഗാർഡിംഗ്, ടാപ്പിങ് സുഗമമായി നടത്തുന്നതിന് ആവശ്യമായ മറ്റ് ജോലികൾ എന്നിവ കരാറുകാരൻ സ്വന്തം ചെലവിൽ നിർവ്വഹിക്കേണ്ടതാണ്.

27. കരാർ കാലയളവിൽ വെട്ടുപട്ടയുടെ ഉപയോഗം റബ്ബർ ബോർഡ് നിഷ്ക്കർഷിച്ചിരിക്കുന്ന അളവിൽ ആയിരിക്കേണ്ടതാണ്.

28. യാതൊരു പ്രത്യേക കാരണവും കാണിക്കാതെ **ഇ-ടെൻഡർ കം ഇ-ഓക്ഷൻ** അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

29. ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനുമുമ്പായി കരാർ ഉപേക്ഷിച്ചുപോകുന്ന പക്ഷം പ്രസ്തുത ബ്ലോക്ക് കോർപ്പറേഷൻ **പുനർ ഇ-ടെൻഡർ കം ഇ-ഓക്ഷൻ** നടത്തുന്നതും ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നും ഈടാക്കുന്നതുമാണ്.

30. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ **ടെണ്ടറുകളിൽ** പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

31. കരാർ വ്യവസ്ഥകൾ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിംഗ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും. കൂടാതെ, എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അധികാരാതിർത്തി ആസ്ഥാനമായുള്ള കോടതികളിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നതാണ്..

32. കരാർ ഒപ്പിട്ടതിനുശേഷം നൽകുന്ന ഓർഡർ തീയതി മുതൽ 30 ദിവസങ്ങൾക്കകം ടാപ്പിംഗ് ജോലി ആരംഭിക്കേണ്ടതാണ്.

33. ടാപ്പിംഗ് നടത്തുന്നതിന് ഏറ്റെടുക്കുന്ന മരങ്ങളിൽ കാറ്റ്, മഴ മുതലായവ മൂലം ഒടിഞ്ഞുവീണ് കോർപ്പറേഷൻ കരാർ നൽകി വെട്ടിമാറ്റുന്ന മരങ്ങൾ ഒഴിച്ച് ബാക്കി വരുന്ന റബ്ബർ മരങ്ങൾ കരാർ തീരുമ്പോൾ കരാറുകാരൻ കോർപ്പറേഷനിലേയ്ക്ക് മടക്കി നൽകേണ്ടതാണ്. ഉണക്കമരങ്ങൾ, ചിതലെടുത്ത് പോകുന്ന റബ്ബർക്കുറ്റികൾ മുതലായവയുടെ വിവരങ്ങളും മേൽപ്പറഞ്ഞ പ്രകാരം ഒടിഞ്ഞു വീണ് വെട്ടിമാറ്റുന്ന മരങ്ങളുടെയും എണ്ണം എന്നിവ കരാറുകാരൻ യഥാസമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യേണ്ടതും ആയത് റിക്കോർഡ് ചെയ്യിച്ച് ബന്ധപ്പെട്ട തോട്ടം മാനേജരിൽനിന്നും കിഴിവ് കുറിപ്പ് വാങ്ങേണ്ടതുമാണ്.

34. കരാറുകാരന്റെ ആൾക്കാർക്കോ, മറ്റ് തൊഴിലാളികൾക്കോ നോർമൽ ടാപ്പിംഗ് സംബന്ധമായി ഏതെങ്കിലും വിധത്തിൽ നിയമപരമായോ, മറ്റ് തരത്തിലോ കൊടുക്കാനുള്ള വേതനത്തിനോ മറ്റ് ആനുകൂല്യങ്ങൾക്കോ കോർപ്പറേഷൻ യാതൊരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല. ഇത് സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും കരാറുകാരൻ തന്നെ ഉത്തരവാദിയായിരിക്കുന്നതും ആയത് ടിയാൻ തന്നെ ബന്ധപ്പെട്ട നിയമങ്ങൾക്കും നീതിക്കും വിധേയമായി പരിഹരിക്കേണ്ടതുമാണ്.

35. തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും. ആയതിൽ കോർപ്പറേഷന് യാതൊരു ബാധ്യതയും

ഉണ്ടായിരിക്കുന്നതല്ല. കരാറുകാരനോ, കരാറുകാരന്റെ തൊഴിലാളികൾക്കോ ജോലിക്കിടയിൽ എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ കോർപ്പറേഷന് യാതൊരു ബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല. കൂടാതെ, തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്.

36. സർക്കാരിന്റെയോ കോടതി നിയമ സംവിധാനങ്ങളുടെയോ ഉത്തരവുകളുടെയോ നിർദ്ദേശത്തിന്റെയോ അടിസ്ഥാനത്തിൽ കരാറുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് മൂലം കരാറുകാരന് എന്തെങ്കിലും ബുദ്ധിമുട്ടുകളോ കഷ്ടനഷ്ടങ്ങളോ ഉണ്ടായാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.

37. കരാറുകാരനാൽ നിയോഗിക്കപ്പെടുന്ന എല്ലാ തൊഴിലാളികളുടെയും നിയമാനുസൃതം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേയ്ക്കുള്ള പ്രതിമാസം വിഹിതം അടയ്ക്കുകയും രസീതിന്റെ പകർപ്പ് തുക അടച്ച് പത്ത് ദിവസങ്ങൾക്കുള്ളിൽ കോർപ്പറേഷന്റെ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം, നിയമപ്രകാരമുള്ള പ്രൊവിഡന്റ് ഫണ്ട് വിഹിതവും, സർചാർജ്ജും അടക്കമുള്ള സംഖ്യ കരാറുകാരന് കോർപ്പറേഷനിൽനിന്നും ലഭിക്കാനുള്ള തുകയിൽനിന്നോ, മറ്റേതെങ്കിലും വിധത്തിലോ ഈടാക്കി പ്രൊവിഡന്റ് ഫണ്ട് ഓഫീസിലേയ്ക്ക് അടയ്ക്കുന്നതും ഇത് സംബന്ധമായി ഉണ്ടാകാവുന്ന ഏത് അവകാശവാദവും സാമ്പത്തിക ബാധ്യതകളും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കുന്നതുമാണ്.

38. കരാർ ഏറ്റെടുക്കുന്നയാൾ കരാർ പൂർത്തിയാക്കിയതിനുശേഷം എസ്റ്റേറ്റ് മാനേജരിൽനിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കി 15 ദിവസത്തിനകം കോർപ്പറേഷന് എന്തെങ്കിലും തരത്തിലുള്ള തുക കരാറുകാരനിൽനിന്നും ഈടാക്കാനുണ്ടെങ്കിൽ ആയത് വസൂൽ ചെയ്തതിനുശേഷം ബാക്കിയുള്ള സെക്യൂരിറ്റി തുക തിരികെ നൽകുന്നതാണ്. സെക്യൂരിറ്റി തുകക്ക് പലിശ നൽകുന്നതല്ല.

39. മരങ്ങളുടെ എണ്ണം,കാലാവധി അടക്കമുള്ള മറ്റ് ക്രമീകരണങ്ങൾക്ക് പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്കുണ്ടായിരിക്കുന്നതാണ്.

40. ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ പങ്കെടുക്കുന്നവർ ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ പങ്കെടുക്കുന്ന സമയത്തും, കരാർ വയ്ക്കുന്നതിനായി വരുമ്പോഴും ഐഡന്റിറ്റി പ്രൂഫായി ആധാർകാർഡ്, പാൻകാർഡ് എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതും, കൊണ്ടുവരേണ്ടതുമാണ്.

41. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി ടി അവകാശം മറ്റൊരാൾക്കും കൈമാറ്റം ചെയ്യാനോ മറിച്ചു നൽകാനോ പാടുള്ളതല്ല.

42. ഇരുപത്തിയൊന്നു വയസ്സിൽ താഴെയുള്ളവർക്കും, ഇൻഡ്യൻ പൗരത്വമില്ലാത്തവർക്കും ടെണ്ടറുകളിൽ പങ്കെടുക്കുവാൻ അർഹതയില്ലാത്തതാകുന്നു.

ഇന്ത്യൻ കരാർ വ്യവസ്ഥപ്രകാരം കരാർ ഒപ്പിടുവാൻ അർഹതയില്ലാത്തവരേയും ടെണ്ടറുകളിൽ പങ്കെടുപ്പിക്കുന്നതല്ല.

43. **ടെണ്ടർ** വ്യവസ്ഥകൾ കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.
44. ടെണ്ടറുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 22/09/2026, 11:00 എ.എം. വരെയാണ്.
45. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് **23/09/2026, 24/09/2026 & 25/09/2026** തീയതികളിൽ **12.00** പി.എം-ന് 45 മിനുട്ട് സമയം ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകുന്നതാണ്. ഇ-ലേലത്തിൽ നൽകാവുന്ന കുറഞ്ഞ വർദ്ധനവ് 10,000/- രൂപ ആകുന്നു. ഇ- ഓക്ഷനിൽ ആരും തന്നെ പങ്കെടുക്കാതിരിക്കുന്ന പക്ഷം ഇ-ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ കൂടിയ തുക ടെണ്ടർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുന്നതാണ്.
46. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.
47. ഇ-ടെൻഡർ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വില്പനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഇ-ഓക്ഷന് ശേഷമുള്ള ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.
48. ടെണ്ടർ സംബന്ധിച്ചുള്ള രേഖകൾ നൽകുന്നതായ മുദ്രവച്ച കവറുകളിൻമേൽ എസ്റ്റേറ്റ്, ഡിവിഷൻ, ബ്ലോക്ക് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കേണ്ടതാകുന്നു.

പ്ലാൻറേഷൻ കോർപ്പറേഷനുവേണ്ടി,

Sd/-

മാനേജിംഗ് ഡയറക്ടർ

മേൽ വ്യവസ്ഥകൾ വായിച്ചു നോക്കി

പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു.

ഒപ്പ്

തീയതി

പേര്

മേൽ വിലാസം, കര, വില്ലേജ്, താലൂക്ക്, ജില്ല

# Details of trees awarding for Slaughter tapping

## E-Tender Cum E-auction

### KODUMON ESTATE-A & F Divisions, Sub Divn.A1,F-1 & F-2

| SL.NO. | DIVN | SUB DIVN | BLOCK | GOOD TREES | STUMPS | RUNTS | DRIED | TOTAL TREES | D.D. No. | D.D. Date | D.D. Amount |
|---|---|---|---|---|---|---|---|---|---|---|---|
| 1 | A | A1 | A1 | 949 | 34 | 50 | 0 | 1033 | | | |
| 2 | | | A2 | 906 | 36 | 69 | 0 | 1011 | | | |
| 3 | | | A3 | 855 | 65 | 80 | 0 | 1000 | | | |
| 4 | | | A4 | 977 | 44 | 82 | 0 | 1103 | | | |
| 5 | F | F1 | F1 | 665 | 173 | 36 | 48 | 922 | | | |
| 6 | | | F2 | 862 | 83 | 30 | 25 | 1000 | | | |
| 7 | | | F3 | 865 | 110 | 11 | 14 | 1000 | | | |
| 8 | | | F4 | 828 | 120 | 18 | 34 | 1000 | | | |
| 9 | | | F5 | 863 | 112 | 6 | 17 | 998 | | | |
| 10 | | F2 | F6 | 871 | 113 | 16 | 19 | 1019 | | | |
| 11 | | | F7 | 844 | 88 | 38 | 18 | 988 | | | |
| 12 | | | F8 | 854 | 98 | 48 | 8 | 1008 | | | |
| 13 | | | F9 | 859 | 70 | 60 | 13 | 1002 | | | |
| 14 | | | F10 | 914 | 33 | 46 | 7 | 1000 | | | |
| **TOTAL** | | | | | | | | **14084** | | | |

## Details of trees awarding for cutting and removal

## E-tender cum E-auction - 14084 rubber trees-

### Time of Bid Submission, Auction & Bid Opening

| ഡിവിഷൻ | ബ്ലോക്ക് | ഇ-ടെണ്ടർ സമർപ്പിക്കേണ്ടതായ അവസാന തീയതി | ഇ-ഓക്ഷൻ തുടങ്ങുന്ന സമയം (45 മിനുട്ട്) | ഇ-ടെണ്ടർ തുറക്കുന്ന സമയം | ഇ-ടെണ്ടർ തുറക്കുന്ന സ്ഥലം |
|---|---|---|---|---|---|
| A | Sub Dvn.A-I (Blocks A1 to A4) | 22.09.2026 11:00 a.m | 23.09.2026 12:30 p.m | 23.09.2026 04.00 p.m (ഇ-ഓക്ഷന് ശേഷം) | ഹെഡ് ഓഫീസ്, കോട്ടയം |
| A | Sub Dvn.F-I (Blocks F1 to F5) | 22.09.2026 11:00 a.m | 24.09.2026 12:30 p.m | 24.09.2026 04.00 p.m (ഇ-ഓക്ഷന് ശേഷം) | ഹെഡ് ഓഫീസ്, കോട്ടയം |
| A | Sub Dvn.F-2 (Blocks F6 to F10) | 22.09.2026 11:00 a.m | 25.09.2026 12:30 p.m | 25.09.2026 04.00 p.m (ഇ-ഓക്ഷന് ശേഷം) | ഹെഡ് ഓഫീസ്, കോട്ടയം |

**NB:** ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവർത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30-ന് ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.

**പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്**

**CIN No: UO1119KL1962SGC001997**

**കോട്ടയം - 686004**

സ്ഥലം:

തീയതി :

<u>സമ്മതപത്രം</u>

പ്ലാന്റേഷൻ കോർപ്പറേഷന്റെ കൊടുമൺ എസ്റ്റേറ്റിലെ ഡിവിഷൻ A / ഡിവിഷൻ F ലെ ബ്ലോക്ക് ................ മുതൽ ബ്ലോക്ക് ................... വരെ സ്ലോട്ടർ ടാപ്പിംഗ് നടത്തുന്നത് സംബന്ധിച്ചുള്ള കരാറിന്റെ ദർഘാസ്-ലേല വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

**പേര്**
**തപാൽ മേൽവിലാസം**
**കര**
**വില്ലേജ്**
**താലൂക്ക്**
**ജില്ല**
**പിൻകോഡ്**

**ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)**
**ലാന്റ് നമ്പർ :**
**മൊബൈൽ നമ്പർ :**

**ഒപ്പ്**

…………………..